**ജില്ലാദുരന്തനിവാരണഅതോറിറ്റി ചെയർമാൻ & കോഴിക്കോട് ജില്ലാകളക്ടറുടെ നടപടിക്രമം.**

*(ഹാജർ : എ ഗീത ഐ എ എസ്)*

***

വിഷയം : നിപ വൈറസ് രോഗം– ജില്ലയിലേർപ്പെട്ടുത്തിയ നിയന്ത്രണങ്ങൾ ദീർഘിപ്പിക്കുന്നത് – സംബന്ധിച്ച് – ഉത്തരവ്.

സൂചന : 1) 13–09–2023 ലെ **DCKKD/9827/2023–F4** നമ്പർ ഉത്തരവ്

2) 14–09–2023 ലെ **DCKKD/9827/2023–F4** നമ്പർ ഉത്തരവ്

******************************************************************************

**ഉത്തരവ് നമ്പർ : DCKKD/9827/2023–F4 തിയ്യതി : 25–09–2023**

******************************************************************************

സൂചന (1) , (2) പ്രകാരം ജില്ലയിലെ നിപ്പ വൈറസ് ബാധക്കെതിരായ ജാഗ്രതയുടെ ഭാഗമായി പൊതുവായ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവായിരുന്നു .സൂചന (1) , (2) പ്രകാരം നിയന്ത്രണങ്ങൾ ഏതെല്ലാം എന്ന് വ്യക്തമായി പറയുകയും ചെയ്തിരുന്നു . എന്നാൽ വടകര താലൂക്കിലെ പഞ്ചായത്തുകളിൽ കണ്ടൈൻമെന്റ്സ് സോണുകൾ ആയി പ്രഖ്യാപിച്ച് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ പിൻവലിച്ചിട്ടുണ്ട് . അതേസമയം പൊതുവായ നിയന്ത്രണങ്ങൾ തുടരാനും ഉത്തരവായിരുന്നു.

സൂചന (1) പ്രകാരമുള്ള ഉത്തരവ് അനുസരിച്ച് 10 ദിവസത്തേക്ക് ആണ് ഈ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നത്.

എന്നാൽ വിദഗ്ധസമിതിയുടെ നിർദേശങ്ങൾ അനുസരിച്ച ജില്ലയിൽ നിപ ജാഗ്രത പൂർണമായും പിൻവലിക്കാനായിട്ടില്ല. ഈ സാഹചര്യത്തിൽ ഒക്ടോബർ ഒന്നാം തീയതി വരെ അത്യാവശ്യമല്ലാത്ത എല്ലാ പൊതു പരിപാടികളും മാറ്റിവയ്ക്കേണ്ടതും സാമൂഹിക അകലം പാലിക്കേണ്ടതും മാസ്ക്,സാനിറ്റൈസർ എന്നിവ നിർബന്ധമായും ഉപയോഗിക്കേണ്ടതുമാണ്.

പൊതുജനങ്ങൾ സൂചന (1) , (2) ഉത്തരവുകളിൽ പറയുന്ന നിയന്ത്രണങ്ങൾ പാലിക്കേണ്ടതാണ്.

ജില്ലാ കലക്ടർ & ചെയർമാൻ , ദുരന്ത നിവാരണ അതോറിറ്റി

**പകർപ്പ്:**

1. ജില്ലാ പോലീസ് മേധാവി (കോഴിക്കോട് റൂറൽ, സിറ്റി)
2. ജില്ലാ മെഡിക്കൽ ഓഫീസർ (കോഴിക്കോട് )
3. I & PRD